(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ.10/1165/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി.10.10.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോടിക്കുളം ഗ്രാമപഞ്ചായത്ത് - 2017-2018 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ യും ഭാഗം 3ലെ യും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഐ.ഡി.കെ.10/1165/2018 തീയതി: 10.10.2018

# ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) ,1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 28.05.2017 മുതൽ 21.09.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.വി സിനി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.201 മുതൽ 29.09.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. റ്റി.എസ്.ധനജയൻ | ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി.മരുൺ മാത്യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.കെ.അഭിലാഷ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.മായാ കൃഷ്ണൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീതി.ഷേർലി ആന്റണി | 01.04.2017 മുതൽ 31,03.2018 വരെ |
| സെക്രട്ടറി | ശ്രീ.ജോസഫ് സെബാസ്റ്റ്യൻ | 01.04.2017 മുതൽ 31 .03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | ശ്രീമതി ശ്രീകല എം.ചന്ദ്രൻ | 01.04.2017 മുതൽ 07.10.2017 വരെ |
| | ശ്രീമതി.സബിത ബീഗം | 08.10.2017മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.യു.എം.അനിൽ കുമാർ | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 31.072017 വരെ |
| | ശ്രീമതി.ജെയ്സി മോൾ കെ.ജെ | 01.08.2017 മുതൽ 03.08.2017വരെ |
| | ശ്രീ.എം.എച്ച് ഷബീർ | 04.08.2017മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. പി.എൻ. തങ്കമണി | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ.വിജീഷ വിജയൻ | 01.04.2017 മുതൽ 07.08.2017വരെ |
| | ഡോ.വി.ജെ.സാം. | 08.08.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മായാദേവി കെ | 01.04.2017 മുതൽ 31.05.2017വരെ |
| | ഡോ.രമ്യ.എം.സി | 01.06.2017 മുതൽ 25.08.2017. വരെ |
| | ഡോ.വിനിത സാംസൺ | 26.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജോസഫ് തോമസ് | 01.04.2017മുതൽ 31.03.2018വരെ |
| ഗ്രാമസേവകൻ, കോടിക്കുളം സർക്കിൾ | ശ്രീമതി. പി.എസ് ലസീല | 01.04.2017 മുതൽ10.06.2017 വരെ 22.07.2017 മുതൽ 31.03.2018 വരെ |
| | ശ്രീ വി.റ്റി. സിനിൽ (ഗ്രാമസേവകൻ വണ്ടമറ്റം സർക്കിൾ -അധിക ചുമതല) | 01.06.2017 മുതൽ 21.07.2017 വരെ 22.07.2017 മുതൽ 31.04.2018 വരെ |
| ഗ്രാമസേവകൻ, വണ്ടമറ്റം സർക്കിൾ | ശ്രീ വി.റ്റി. സിനിൽ | 01.04.2017 മുതൽ 13.12.2017 വരെ 07.02.2018 മുതൽ 31.03.2018 വരെ |
| | ശ്രീമതി. പി.എസ് ലസീല (ഗ്രാമസേവകൻ കോടിക്കുളം സർക്കിൾ അധിക ചുമതല) | 14.12.2017 മുതൽ 06.02.2018 വരെ |
| ഹെഡ്മാസ്റ്റർ, ഗവ. യു.പി. സ്കൂൾ നെടുമറ്റം | ശ്രീ പി.പി. പുരുഷോത്തമൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. കെ.കെ ഷാജി | 01.04.2017 മുതൽ 12.07.2017 വരെ |
| | ഡോ. ജസ്റ്റിൻ ജേക്കബ് അധികാരം | 13.07.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സി.എ ജാസ്മിൻ | 01.04.2017 മുതൽ 31.07.2017 വരെ |
| | ശ്രീ. എം.പി. സുധീഷ് | 01.08.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1-പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക ധനകാര്യപത്രിക അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 13 | വസ്തുനികുതി കുടിശ്ശിക ഈടാക്കുവാൻ അശേഷിക്കുന്നു | 2-1 | |
| 14 | കെട്ടിടവാടക ഈടാക്കുവാൻ അശേഷിക്കുന്നു | 2-2 | |
| 15 | മൊബൈൽ ടവർ വസ്തുനികുതി ഈടാക്കിയില്ല | 2-3 | |
| | ഭാഗം 3 | | |
| 16 | തൊഴിൽ രഹിത വേതനം അധിക തുക നൽകി | 3-1 | |
| 17 | പഞ്ചായത്ത് ഓഫീസ് മുറ്റം ടൈൽ വിരിക്കലും സ്ഥാപിക്കലും നിലവാരം കുറഞ്ഞ ടൈലുകൾ ഉപയോഗിച്ചു | 3-2 | |

| | | | |
|---|---|---|---|
| 18 | പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് - ആവശ്യമായ കാലാവധിയില്ല | 3-3 | |
| 19 | പ്രിന്റിംഗ് ചാർജ് -ടെണ്ടർ ക്ഷണിച്ചില്ല | 3-4 | |
| 20 | തെരിവ് വിളക്ക് സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും പദ്ധതി പൂർത്തീകരിച്ചില്ല | 3-5 | |
| 21 | ആശ്രയ പദ്ധതി - തൻ വർഷം രണ്ടാം ഘട്ടം പദ്ധതി തുക ലഭിച്ചില്ല | 3-6 | |
| 22 | സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെ പദ്ധതി നടപ്പിലാക്കി | 3-7 | |
| 23 | തെരുവ് വിളക്കുകൾ സംബന്ധിച്ച് | 3-8 | |
| | ഭാഗം 4 | | |
| 24 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 25 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 27 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 29 | ഓഡിറ്റ് റിക്കവറി | 4-6 | |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 31 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |
| 34 | ഓഡിറ്റ് സാക്ഷ്യപത്രം | 1 | |
| 35 | അനുബന്ധം | 2 | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-2018 വർഷത്തെ ബജറ്റ് 23.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 14.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5549822 |
| വരവ് | 33771227 |
| ആകെ | 39321049 |
| ചെലവ് | 36050465 |
| നീക്കിയിരിപ്പ് | 3270584 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 7636000 | 7636000 | 7145500 | 490500 | |
| വികസനഫണ്ട് എസ്.സി.പി. | | 1307201 | 1307201 | 1304433 | 2768 | |
| വികസനഫണ്ട് ടി.എസ്.പി. | | 10996 | 10996 | 10996 | | |
| സംരക്ഷണഗ്രാന്റ് റോഡ് | | 4475000 | 4475000 | 3843520 | 631480 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 2591000 | 2591000 | 2378288 | 212712 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 3637227 | 3637227 | 2693978 | 943249 | |
| കെ.എൽ.എസ്.ജി. ഡി.പി (ACR പ്രകാരം) | | 900481 | 900481 | 881910 | 18571 | |

| | | | | | | | |
|---|---|---|---|---|---|---|---|
| സാക്ഷരത | | 130139 | 141900 | 272039 | 135110 | 136929 | |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളി കളുടെ കൂലി | | 7397208 | 7397208 | 7397208 | 0 | |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 25938 | 1198284 | 1224222 | 1195308 | 28914 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | | |
| ഐ.സി.ഡി എ.സ് | | 261884 | 175441 | 437325 | 437325 | 0 | |
| എസ്.എസ്.എ | | 4050 | 157 | 4207 | 0 | 4207 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | | |
| ശുചിത്വ മിഷൻ | | 246651 | 945275 | 1191926 | 414066 | 777860 | |
| ജോയിൻറ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 656000 | 656000 | 556000 | 100000 | |
| | ജില്ലാ പഞ്ചായത്ത് | 0 | 300000 | 300000 | 150000 | 150000 | |
| ബി ഫണ്ട് | | 0 | 19830040 | 19830040 | 19830040 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 2093614 | 4797000 | 6890614 | 6611231 | 279383 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1959826 | 5207572 | 7167398 | 6426282 | 741116 | |
| | ട്രഷറി അക്കൗണ്ട് റ്റി.എസ്.ബി അക്കൗണ്ട് | 0 | 4322 | 4322 | 4322 | 0 | |
| മറ്റിനം | | | | | | | |
| ഗുണഭോക്തൃ വിഹിതം | | 40685 | 641917 | 682602 | 424600 | 258002 | |
| വിമുക്തി | | 25000 | 12500 | 37500 | 25000 | 12500 | |
| കേരളോൽസവം | | 0 | 20000 | 20000 | 0 | 20000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| എം.എൻ ലക്ഷംവീട് | | 724000 | 0 | 724000 | 0 | 724000 | |
| ആധാർ ഇൻസെന്റീവ് | | 113 | 0 | 113 | 0 | 113 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 132 | 33137763 | 100 | 19841341 | 0 | 32 | 75 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| ക്രമ നം. | പദ്ധതി നം. & പദ്ധതി | അടങ്കൽ ₹ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| ഇല്ല | | | |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവ് % |
|---|---|---|---|---|
| 1 | സെക്രട്ടറി | 5150385 | 3712789 | 72.08 |
| 3 | കൃഷി ഓഫീസർ | 2168000 | 1302070 | 60.05 |
| 4 | വെറ്റിനററി സർജൻ | 2109000 | 1357200 | 88 |
| 5 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 821605 | 814603 | 99.15 |
| 6 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 325500 | 325500 | 100 |
| | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 120000 | 120000 | 100 |
| 7 | ഗ്രാമസേവകൻ -കൊടിക്കുളം | 3885000 | 1325682 | 34.12 |
| | ഗ്രാമസേവകൻ - വണ്ടമറ്റം | 1750000 | 313205 | 17.89 |
| 8 | അസി. എഞ്ചിനീയർ | 14511273 | 8555892 | 58.96 |
| 9 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1277000 | 1016700 | 79.61 |
| 10 | ഹെഡ് മാസ്റ്റർ | 620000 | 597700 | 96.40 |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 400000 | 400000 | 100 |
| ആകെ | | 33137763 | 19841341 | 59.87 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 25938 | 1198284 | 1224222 | 1195308 | 28914 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7397208 | 7397208 | 7397208 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33720 | 61 |
| കർഷകതൊഴിലാളി പെൻഷൻ | 1954600 | 157 |
| വിധവാപെൻഷൻ | 4134900 | 345 |
| വാർദ്ധക്യകാലപെൻഷൻ | 11611100 | 864 |
| വികലാംഗപെൻഷൻ | 1494300 | 126 |
| അവിവാഹിതർക്കുള്ള പെൻഷൻ | 305500 | 35 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹4953/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൗണ്ടിംഗ് സിസ്റ്റം-അപാകതകളോടുകൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-12 ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നത് വേണ്ടത്ര ശ്രദ്ധചെലുത്തുന്നുണ്ട്. നികുതികൾ യഥാസമയം കളക്ട് ചെയ്യുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പിരിവിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുന്നില്ല, തൻപതിവേട് യഥാവിധി പരിപാലിക്കുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം

രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. ഓരോയിനത്തിലെ ഫയലുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രത്യേകമായി സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള

പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

13 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.8.2018 | 8/2018 | 10.08.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.06.2014 മുതൽ 23.06.2014 | 2009-2010മുതൽ 2013-2014 | 16.09.2014 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1-3 ൽ പരാമർശിച്ചിരിക്കുന്ന റിപ്പോർട്ടിലെ താഴെ പറഞ്ഞിട്ടുള്ള അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1) വസ്തുനികുതി രജിസ്റ്റർ പ്രകാരമുള്ള വരവ്, കുടിശ്ശിക തുകകളുമായി വാർഷിക കണക്കുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

2) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള വരവ്, തുകകളുമായി വാർഷികകണക്കുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

3) തൻവർഷ കടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽതൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല പ്രൊവിഷൻ തുക കണക്കാക്കിയതിനുള്ള വർക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4) സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണോദ്യഗസ്ഥർ “Deposit work "കൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ “Advance to implementing agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഓഡിറ്റ് ഇംപാക്ട്

കെട്ടിട വാടക ഈടാക്കി

പഞ്ചായത്തിലെ 2017-18 വർഷത്തിൽ മാവേലി സ്റ്റോറിന് കെട്ടിടം വാടകയ്ക്ക് നൽകിയിരുന്നുവെങ്കിലും 6/17 മുതൽ വാടക അടവാക്കിയിരുന്നില്ല. ആയതിന് ഓഡിറ്റ് എൻക്വയറി 6 നൽകിയതനുസരിച്ച് 26.09.2018 ലെ 118010400011 പ്രകാരം ₹2130/- അടവാക്കിയിട്ടുണ്ട്.

## 2-2 വസ്തു നികുതി -കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു.

1. പഞ്ചായത്തിലെ വസ്തു നികുതി പിരിവ് (സാംഖ്യ പ്രകാരം) പരിശോധിച്ചപ്പോൾ താഴെ സൂചിപ്പിക്കും പ്രകാരം വൻതുക കുടിശ്ശിക ഇനത്തിൽ ഈടാക്കുവാൻ അവശേഷിക്കുന്നതായി കാണാൻ കഴിഞ്ഞു.

| | |
|---|---|
| പാർപ്പിടാവശ്യത്തിനുള്ളത് (തൻ വർഷം) | 131,067 |
| പാർപ്പിടാവശ്യത്തിനുള്ളത് (കുടിശ്ശിക) | 38,628 |
| പാർപ്പിടേതര ആവശ്യത്തിനുള്ളത് (തൻവർഷം) | 80,996 |
| പാർപ്പിടേതര ആവശ്യത്തിനുള്ളത് (കുടിശ്ശിക) | 205,296 |

ഇൻകം &എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ 280100104 എന്ന ഹെഡിൽ പ്രയർ പിരീഡ് ഇൻകം-പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റെസിഡെൻഷ്യൽ ബിൽഡിങ്ങ് എന്ന ഗണത്തിൽപെടുത്തി ₹53878/-, വസ്തു നികുതി ഡിമാന്റിൽ നിന്നും കുറവ് ചെയ്ത് ഉൾപ്പെടുത്തിയിരിക്കുന്നു. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 9-ന് നല്കിയ മറുപടിയിൽ അധിക ഡിമാന്റ് തുകയായി സാംഖ്യയിൽ നിൽക്കുന്ന തുക സഞ്ചയിലെ ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ തുക പ്രയർ പിരീഡിൽ ജേണൽ എൻട്രി മുഖാന്തിരം ക്രമപ്പെടുത്തിയത് എന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ അയതിന്റെ വിശദാംശങ്ങൾ സൂചിപ്പിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

## 2-3 മൊബൈൽ ടവർ- വസ്തു നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയ്ക്കുള്ളിലുള്ള താഴെ സൂചിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കിയിട്ടില്ല.

| മൊബൈൽ ടവറിന്റെ പേര്, അഡ്രസ്സ് | 2017-18 വർഷം ഈടാക്കേണ്ട വസ്തു നികുതി (സഞ്ചയ പ്രകാരം) | കുടിശ്ശിക (സഞ്ചയ പ്രകാരം) |
|---|---|---|
| 9/28 ബി.എസ്.എൻ.എൽ | 4800 | 25200/- (2013-14 മുതൽ 2017-18 വരെ) |
| 8/128 ടാറ്റ ഇൻഡികോം | 5901 | 5901/- |

വസ്തു നികുതി കുടിശ്ശിക ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രായപരിധി കഴിഞ്ഞവർക്ക് തൊഴിൽരഹിത വേതനം അനുവദിച്ചു

1998 ലെ കേരള തൊഴിൽ രഹിത വേതന ചട്ടങ്ങൾ, ജി.ഒ.(പി) 23/98/തൊഴിൽ 28-5-1998 എന്നിവ പ്രകാരം വേതനം ലഭിച്ചു കൊണ്ടിരിക്കുന്ന ഒരാൾക്ക് 35 വയസ്സ് പൂർത്തിയായാൽ വേതനം ലഭിക്കുന്നത് നിർത്തി വയ്ക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തപ്പോൾ പ്രായപരിധി കഴിഞ്ഞവർക്കും വിതരണം ചെയ്തതായി കാണാൻ കഴിഞ്ഞു. വിശദവിവരം താഴെ സൂചിപ്പിക്കുന്നു.

| ക്രമ നമ്പർ | പേര്, അഡ്രസ്സ് | ജനന തീയതി | അർഹതപ്പെട്ട കാലാവധി | വേതനം നൽകിയ കാലഘട്ടം/തുക | അനർഹമായ കാലഘട്ടം/ തുക |
|---|---|---|---|---|---|
| 1 | മഞ്ജു പി.പി.<br>പാറച്ചാലിൽ<br>കാളിയാർ എസ്റ്റേറ്റ് | 28-02-1983 | 1/18 വരെ | 8/17 മുതൽ 3/18<br>വരെ<br>960/- | 2/18 – 3/18<br>240/- |

| | | | | | |
|---|---|---|---|---|---|
| 2 | കെ.എസ്.ജിഷ കണികുടിയിൽ പടി.കോടിക്കുളം | 18-03-1983 | 2/18 വരെ | 8/17 മുതൽ 3/18 വരെ 960/- | 3/18 120 |
| 3 | മഞ്ജു സിബി വള്ളിക്കാഞ്ഞിര ത്തിങ്കൽ കോടിക്കുളം | 27-05-1982 | 4/17വരെ | 3/17 മുതൽ 5/17 വരെ 360/- | 5/17 120 |
| 4 | ഫൈസൽ കെ.എ. കുറ്റിയാനിക്കൽ കോടിക്കുളം | 11-05-1982 | 4/17വരെ | 3/17 മുതൽ 5/17 വരെ 360/- | 5/17 120 |
| 5 | പാത്തുമ്മ എം.യു. | 20-05-1982 | 4/17വരെ | 3/17 മുതൽ 5/17 വരെ 360/- | 5/17 120 |
| ആകെ | | | | | 720/- |

അധികമായി നൽകിയ വേതനം കൈപ്പറ്റിയവരിൽ നിന്നോ ഉത്തരവാദിയിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## 3-2 പഞ്ചായത്ത് ഓഫീസ് മുറ്റം ടൈൽ വിരിക്കലും ഗെയിറ്റ് സ്ഥാപിക്കലും-നിലവാരം കുറഞ്ഞ ടൈലുകൾ ഉപയോഗിച്ചിരിക്കുന്നു.

| | |
|---|---|
| അടങ്കൽ | ₹235738/- |
| ബിൽ നം./തുക | 47/24.03.18 ₹172871/- |
| കരാറുകാരൻ | ജിൻസ് കുര്യാക്കോസ്. |
| എഗ്രിമെന്റ് നം | 34/AE/LSGD/KDLM 05.03.18 |
| അളവ് ബുക്ക് നം. | ഇല്ല |

പഞ്ചായത്ത് ഓഫീസിലെ ഭൗതീകസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയാണിത്. ഗേറ്റ് സ്ഥാപിക്കലും, മുറ്റത്ത് സിമന്റ് കോൺക്രീറ്റ് പേവർ ബ്ലോക്കുകൾ സ്ഥാപിക്കലുമാണ് ഈ പദ്ധതിയിലെ ഘടകങ്ങൾ. എസ്റ്റിമേറ്റ് പ്രകാരം 7 ഇനങ്ങൾ ഉൾപ്പെട്ട ഈ പ്രവൃത്തിയിലെ 7-മത്തെ ഇനമായ ഫുട്പാത്ത്, പാർക്കിംഗ് ഏരിയ എന്നിവടങ്ങളിൽ സിമിന്റ് കോൺക്രീറ്റ് ബ്ലോക്കുകൾ സ്ഥാപിക്കൽ എന്ന പ്രവൃത്തി മാത്രം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പാർട്ട് ബില്ല് പ്രകാരമുള്ള മേൽ തുക നൽകിയിരിക്കുന്നത്. 2018-19 വർഷത്തെ പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും തുടർ പ്രവൃത്തികൾ നടത്തിയിട്ടില്ല.

എസ്റ്റിമേറ്റ് പ്രകാരം 80 mm കനമുള്ള ബ്ലോക്കുകളാണ് വിരിക്കേണ്ടത്. എന്നാൽ 60mm കനമുള്ള ബ്ലോക്കുകളാണ് വിരിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.8 നൽകിയതിന്റെ മറുപടിയായി, ആയതിന് 60mm കനമുള്ള ബ്ലോക്കുകളാണ് വിരിച്ചിരിക്കുന്നവെന്ന് നിലവിലെ അസി.എഞ്ചിനീയർ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.

2016 ലെ ഡി.എസ്.ആർ കോഡ്.നം 8689 പ്രകാരം 60 mm പേവർ ബ്ലോക്കിന്റെ നിരക്ക് ചതുരശ്രമീറ്ററിന് ₹350 ആണ്. എന്നാൽ കോഡ്.നം 8785 പ്രകാരം 80 mm പേവർ ബ്ലോക്കിന്റെ നിരക്ക് ചതുരശ്രമീറ്ററിന് ₹370 ആണ്. ഈ ഇനത്തിന്റെ വിലയിലെ വ്യത്യാസം മൂലം ഈ ഇനത്തിന് ഡി.എസ്.ആർ.ഡേറ്റാപ്രകാരം അനുവദിക്കാവുന്ന തുകയും അനുവദിച്ച തുകയും താഴെ ഉൾപ്പെടുത്തുന്നു.

| അനുവദിച്ച നിരക്ക് (10 ച. മീ. ന്റെ നിരക്ക്) | | | | | | അനുവദിക്കാവുന്ന നിരക്ക് (10 ച. മീ. ന്റെ നിരക്ക്) | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| കോഡ് | വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | തുക | കോഡ് | വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | തുക |
| 8785 | ഇന്റർ ലോക്കിംഗ് സിമന്റ് കോൺക്രീറ്റ് പേവർ ബ്ലോക്ക് (80.mm കനം) | ച.മീ | 10 | 370 | 3700 | 8689 | ഇന്റർലോക്കിംഗ് സിമന്റ് കോൺ ക്രീറ്റ് പേവർ ബ്ലോക്ക് (80.mm കനം) | ച.മീ | 10 | 350 | 3500 |
| 0982 | പുഴമണൽ | ഘ. മീ | 0.5 | 1200 | 600 | 0982 | പുഴമണൽ | ഘ. മീ | 0.5 | 1200 | 600 |
| 2203 | കൺവേയൻസ്-പുഴമണൽ | ഘ. മീ | 0.5 | 103.77 | 51.89 | 2203 | കൺവേയൻസ്-പുഴമണൽ | ഘ. മീ | 0.5 | 103.77 | 51.89 |
| 0983 | പൊടി മണൽ | ഘ. മീ | 0.15 | 760 | 114 | 0983 | പൊടി മണൽ | ഘ. മീ | 0.15 | 760 | 114 |
| 2261 | കൺവേയൻസ്-പൊടി മണൽ | ഘ. മീ | 0.15 | 103.77 | 15.57 | 2261 | കൺവേയൻസ്-പൊടി മണൽ | ഘ. മീ | 0.15 | 103.77 | 15.57 |
| 0123 | മേസൺ-ഒന്നാംതരം | ദിവസം. | 0.5 | 487.00 | 243.50 | 0123 | മേസൺ-ഒന്നാം തരം | ദിവസം. | 0.5 | 487.00 | 243.50 |
| 0124 | മേസൺ-രണ്ടാംതരം | ദിവസം. | 0.5 | 448.00 | 224.00 | 0124 | മേസൺ-രണ്ടാം തരം | ദിവസം. | 0.5 | 448.00 | 224.00 |
| 0114 | ബെൽഡാർ | ദിവസം. | 1.0 | 368 | 368 | 0114 | ബെൽ ഡാർ | ദിവസം. | 1.0 | 368 | 368 |
| 0115 | കൂലി | ദിവസം. | 0.5 | 368 | 184 | 0115 | കൂലി | ദിവസം. | 0.5 | 368 | 184 |
| ആകെ | | | | | 5500.96 | ആകെ | | | | | 5300.96 |
| വാട്ടർ ചാർജ്ജ് 1% | | | | | 55.01 | വാട്ടർ ചാർജ്ജ് 1% | | | | | 53.00 |
| ആകെ | | | | | 5555.97 | ആകെ | | | | | 5353.96 |
| കരാറുകാരന്റെ ലാഭം, ഓവർഹെഡ് ചാർജ്ജ് 15% | | | | | 833.40 | കരാറുകാരന്റെ ലാഭം, ഓവർഹെഡ് ചാർജ്ജ് 15% | | | | | 803.09 |
| 10 ച.മീ. ന്റെ നിരക്ക് | | | | | 6389.37 | 10 ച.മീ. ന്റെ നിരക്ക് | | | | | 6157.05 |
| 1 ച.മീ. ന്റെ നിരക്ക് | | | | | 638.95 | 1 ച.മീ. ന്റെ നിരക്ക് | | | | | 615.70 |
| കോസ്റ്റ് ഇൻഡക്സ്. 45.1% | | | | | 288.17 | കോസ്റ്റ് ഇൻഡക്സ്. 45.1% | | | | | 277.17 |
| കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ ആകെ | | | | | 927.12 | കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ ആകെ | | | | | 893.38 |

അധികം നൽകിയ തുക

| | |
|---|---|
| അളവ് ബുക്ക് പ്രകാരം ആകെ അളവ് | 186.46 ച.മീ |
| ഈ ഈനത്തിന് ആകെ അനുവദിച്ച തുക | 186.46x927.12 =₹172871 |

| | |
|---|---|
| ഈ ഈനത്തിന് ആകെ അനുവദിക്കാവുന്ന തുക | 186.46x893.38 =₹166531.15 |
| അധികം നൽകിയത് | ₹6340 |

വാഹനങ്ങൾ കയറുന്നതിനാൽ 80 mm കനമുള്ള കോൺക്രീറ്റ് ബ്ലോക്കുകകൾ ഇവിടെ ആവശ്യമായതിനാലാണ് എസ്റ്റിമേറ്റിൽ അത് ഉൾപ്പെടുത്തിയത്. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിൽ നിന്നും കുറഞ്ഞ കനമുള്ള ബ്ലോക്കുകൾ പാകിയതിനാൽ പ്രവൃത്തിയുടെ ഗുണനിലവാരത്തെ അത് ബാധിക്കും. ആയതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനം കരാറുകാരനെക്കൊണ്ട് ചെയ്യിക്കുകയോ നിലവിലുള്ള പ്രവൃത്തി അംഗീകരിക്കുന്ന പക്ഷം മുകളിൽ സൂചിപ്പിച്ച സാമ്പത്തികനഷ്ടം കൂടാതെ പ്രവൃത്തിക്ക് നിലവാരക്കുറവ് സംഭവിച്ചതിനുള്ള നഷ്ടം കൂടി ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഫൈനൽ നൽകുമ്പോൾ നഷ്ടം ഈടാക്കിയതിന് ശേഷം മാത്രം തുക അനുവദിക്കേണ്ടതാണ്.

## 3-3 പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് -ആവശ്യമായ കാലാവധിയില്ല

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009-7 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ഡിഫക്ട് ലയബിലിറ്റി കാലാവധി കഴിഞ്ഞ് 28 ദിവസത്തിന് ശേഷം മാത്രമാണ് സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ നൽകാവുന്നത്. തൻവർഷം നടപ്പാക്കിയ പ്രവൃത്തികളിലൊന്നും കരാറുകാരനും നിർവ്വഹണ ഉദ്യോഗസ്ഥനും ചേർന്ന് തയ്യാറാക്കുന്ന എഗ്രിമെന്റിൽ പ്രവൃത്തിയുടെ ഗ്യാരണ്ടി പീരിയഡ് രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളുടെ ഇനം അനുസരിച്ച് 6 മാസം മുതൽ 36 മാലെ വരെയുള്ള വ്യത്യസ്ത കാലയളവുകളാണ് ഡിഫക്ട് ലയബിലിറ്റി കാലാവധി. പുതിയറോഡ് ടാറിംഗ് /റീടാറിംഗ് എന്നീ പ്രവൃത്തികൾക്ക് 24 മാസവും പുനരുദ്ധാരണ പ്രവൃത്തികൾക്ക് 12 മാസവുമാണ് ഡിഫക്ട് ലയബിലിറ്റി കാലയളവ്. ആവശ്യമായ കാലാവധിയില്ലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് ചില പ്രവൃത്തികൾക്ക് സമർപ്പിക്കാത്തതായി കാണുന്നു. തൻവർഷം പുതിയ നിർമ്മാണം നടത്തിയ ₹300000/- ൽ കൂടുതൽ അടങ്കൽ തുകയുള്ള റോഡുകളുടെ സെക്യൂരിറ്റി ഡിപ്പോസിറ്റ് കാലാവധിയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഡിഫക്ട് ലയബിലിറ്റി കാലാവധി | സെക്യൂരിറ്റി ഡെപ്പോസിറ്റ് കാലാവധി | കാലാവധിയിലെ കുറവ് (മാസത്തിൽ) |
|---|---|---|---|---|---|
| 1 | പടിഞ്ഞേറെ ക്കോടിക്കുളം അരണയം മാങ്കുന്ന് റോഡ് പ്രോജക്ട് നം.96/18 അടങ്കൽ- ₹616300/- | 21.03.18 | 21.03.18 മുതൽ 24 മാസം | 18.11.2017 മുതൽ 17.11.2019 വരെ (ട്രഷറി സേവിംഗ്സ് ബാങ്ക് സ്ഥിര നിക്ഷേപം ₹44000/-) | 4 |
| 2 | നെട്ടുമറ്റം വണ്ടമറ്റം റോഡ് കോൺക്രീറ്റിംഗ് പ്രോജക്ട് നം.103/18 അടങ്കൽ- ₹/-380000/- | 28.12.17 | 28.12.17 മുതൽ 24 മാസം | 21.11.2017 മുതൽ 21.11.2019 വരെ (ട്രഷറി സേവിംഗ്സ് ബാങ്ക് സ്ഥിര നിക്ഷേപം | 1 |

| | | | | | |
|---|---|---|---|---|---|
| | | | | ₹19000/-) | |
| 3 | പാറത്തട്ട ഖാദിഭവൻ റോഡ് കോൺക്രീറ്റിംഗ്.<br>പ്രോജക്ട് നം.109/18<br>അടങ്കൽ- ₹/-381669/- | 28.12.17 | 28.12.17 മുതൽ 24 മാസം | 17.10.2017 മുതൽ 16.10.2018 വരെ (ട്രഷറി സേവിംഗ്സ് ബാങ്ക് സ്ഥിര നിക്ഷേപം ₹11500/-)<br>20.01.2017 മുതൽ 20.04.2018 വരെ (സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻ കൂർ സ്ഥിര നിക്ഷേപം ₹5000/-) | 2 |
| 4 | തൃക്കോവിൽ പേപ്പതിക്കൽ റോഡ് ടാറിംഗ്<br>പ്രോജക്ട് നം.89/18<br>അടങ്കൽ- ₹/-316300/- | 13.03.18 | 13.03.18 മുതൽ 24 മാസം | 18.11.2017 മുതൽ 17.11.2019 വരെ (ട്രഷറി സേവിംഗ്സ് ബാങ്ക് സ്ഥിര നിക്ഷേപം ₹44000/-) | 4 |
| 5 | പാറപ്പുഴ ക്ലപ്പ് റോഡ് ടാറിംഗ്<br>പ്രോജക്ട് നം.95/18<br>അടങ്കൽ- ₹/-300000/- | 23.03.18 | 23.03.18 മുതൽ 24 മാസം. | 03.01.2017 മുതൽ 03.01.2018 വരെ (സ്റ്റേറ്റ് ബാങ്ക് സ്ഥിര നിക്ഷേപം ₹5000/- യുടെ രണ്ട് സ്ഥിര നിക്ഷേപങ്ങൾ) | 2 |
| 6 | കൊടിവേലി പള്ളിത്താഴം കണ്ണാടിപ്പാറ റോഡ് ടാറിംഗ്<br>പ്രോജക്ട് നം.93/17<br>അടങ്കൽ- ₹/-350000/- | 22.05.17 | 22/05/2017 മുതൽ 24മാസം | 10/01/2017 മുതൽ 09/01/2019 വരെ (ട്രഷറി സേവിംഗ്സ് ബാങ്ക് സ്ഥിര നിക്ഷേപം ₹20000/-) | 4 |

പ്രവൃത്തികളുടെ അവസ്ഥ പരിശോധിച്ച് ഡിഫക്ട് ലയബിലിറ്റി കാലാവധിക്ക് ശേഷം മാത്രം എല്ലാ പ്രവൃത്തികളുടെയും സെക്യൂരിറ്റി ഡിപ്പോസിറ്റ് തുകകൾ/രേഖകൾ തിരികെ നൽകാനും എഗ്രിമെന്റിൽ വ്യവസ്ഥകൾ

പൂർണ്ണമായി ഉൾപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 3-4 പ്രിന്റിംഗ് ചാർജ് --ടെണ്ടർ ക്ഷണിച്ചില്ല

| ബിൽ നമ്പർ തീയതി | തുക |
|---|---|
| 26/17-18/20.11.17 | 110500 |
| പ്രോജക്ട് നമ്പർ | 16/17-18 |
| വകയിരുത്തൽ | 200000 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി രൂപീകരണം എന്ന പ്രോജക്ടിൽ വിവിധ പ്രിന്റിംഗ് ജോലികളുടെ ചാർജിനത്തിൽ ₹110500/- മൂവാറ്റുപുഴയിലുള്ള കോട്ടയിൽ എന്ന സ്ഥാപനത്തിന് പ്രിന്റ് ചെയ്ത വകയിൽ നൽകിയിട്ടുണ്ട്.ആയതിന് ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് പ്രവൃത്തി ഏല്പിക്കുകയാണ് ചെയ്തത്. 08.11.2010 ലെ ജി.ഒ.(പി) 259/2010 ത.സ്വ.ഭ.വ മാർഗ്ഗരേഖ 2 (എ)പ്രകാരം 25000/- ക്ക് മുകളിൽ വരുന്ന എല്ലാ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിന് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാൽ ചെലവഴിച്ച ₹110500/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 തെരുവുവിളക്ക് സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും - പദ്ധതി പൂർത്തീകരിച്ചില്ല

തെരുവു വിളക്ക് സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും നടത്തുന്നതിനായി തൻവർഷം രണ്ട് പദ്ധതികൾ രൂപീകരിച്ച് തുക കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചിരിക്കുന്നു. പദ്ധതികൾ നാളിതുവരെയായി പൂർത്തീകരിച്ചിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | അടങ്കൽ | ബിൽനം. | റിമാർക്സ് |
|---|---|---|---|---|
| 1 | 132/18 | ₹660400/ | 50/29.03.2018 ₹200000/- തനത് ഫണ്ട്- ₹459300/- (കെ.എസ്.ഇ.ബി സി.എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ഐ വണ്ണപ്പുറം ബ്രാഞ്ചിലേയ്ക്ക് ട്രാൻസഫർ ചെയ്തിരിക്കുന്നു) | വിവിധ വാർഡുകളലായി 4900 മീറ്റർ സ്ട്രീറ്റ് ലൈനും 12 മീറ്ററുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി |
| 2 | 66/18 | 350000/- | 49/17-18 തീ. 29.03.2018 ₹346200/- | വിവിധ വാർഡുകളിലായി 2650 മീറ്റർ സ്ട്രീറ്റ് ലൈനും 6 മീറ്ററുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി |

കരാർ പ്രകാരം ഈ രണ്ട് പദ്ധതികളും 30.10.2018 നകം പൂർത്തിയാക്കേണ്ടതായിരുന്നു എങ്കിലും ഇതുവരെയും ലൈൻ

വലിച്ച് മീറ്റർ സ്ഥാപിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച ₹1060400/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരിക്കുന്ന മുറയ്ക്ക് സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-6 ആശ്രയ പദ്ധതി- തൻ വർഷം രണ്ടാം ഘട്ടം പദ്ധതി തുക ലഭിച്ചില്ല.

2017 ൽ നടത്തിയ റീ വിസിറ്റിന്റെ അടിസ്ഥാനത്തിൽ 28 കുടുംബങ്ങളെ ഉൾപ്പെടുത്തി പദ്ധതി വിഭാവനം ചെയ്തിരുന്നു. തൻ വർഷം കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും പദ്ധതി വിഹിതം ലഭിക്കാത്തതിനാൽ ആശ്രയ കുടുംബങ്ങൾക്കുള്ള ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം എന്നിവയിലുള്ള പദ്ധതി നടപ്പാക്കിയില്ല. 2007 കാലഘട്ടത്തിൽ ലഭിച്ച തുക ₹150000/- തനത് ഫണ്ടിൽ ഇപ്പോഴും അവശേഷിക്കുന്നു. ഈ തുക ഏത് ഇനത്തിൽ ലഭിച്ചതാണെന്ന് തിരിച്ചറിയുവാൻ സാധിക്കാത്ത അവസ്ഥയിലാണ്.

കുടുംബശ്രീയിൽ 31-03-2018 ൽ അവശേഷിക്കുന്ന തുകളുടെ വിവരം താഴെ നൽകുന്നു.

| ബാങ്ക് അകൗണ്ട് നം | ഇനം | തുക ₹ |
|---|---|---|
| കോ-ഓപ്പറേറ്റീവ് ബാങ്ക് കോടിക്കുളം 2848 | തനത് ഫണ്ട് | 689249 |
| യു.ബി.ഐ 7360 | ആശ്രയ ഒന്ന്, രണ്ട് ഘട്ടം | 193031 |
| യു.ബി.ഐ 2359 | എഫ്.എഫ്.സി | 55790 |
| യു.ബി.ഐ 3797 | സ്നേഹനിധി | 20365 |
| യു.ബി.ഐ 5075 | സി.ഐ.എഫ് | 505755 |
| യു.ബി.ഐ 5585 | കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് | 154315 |

## 3-7 സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെ പദ്ധതി നടപ്പാക്കി

സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെ പദ്ധതി നടപ്പാക്കി

| | | |
|---|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ | |
| പദ്ധതി നം | 117/2017-18 | |
| പദ്ധതി | കിണർ റീചാർജ്ജ് | |
| ഇനം | പൊതുവിഭാഗം | |
| പദ്ധതി വകയിരുത്തൽ | ഇനം | വിഹിതം ₹ |
| | പൊതു വിഭാഗം | 24000 |
| ബിൽ നം & തീയതി | 08/2017-18 തീ 26.03.2018 | ₹24000 |

കിണർ റീ-ചാർജ്ജ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിലെ 4 ഗുണഭോക്താക്കൾക്ക് ₹6000/- വീതം ധനസഹായം നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | അക്കൗണ്ട് നം |
|---|---|---|
| 1 | ശ്രീ. മാമച്ചൻ ജോസഫ് | 347802010009258 |
| 2 | ശ്രീമതി. എം.ജി ചന്ദ്രിക | 347802010010612 |
| 3 | ശ്രീ. ജിജോ ജോസഫ് | 347802010007744 |
| 4 | ശ്രീ. ബിജു ജോർജ്ജ് | 347802010009954 |

തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 03.04.2017 ലെ സ.ഉ (കൈ) 80/2017 ഖണ്ഡിക 8.3 ക്രമനം 3 പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങളിൽ താഴെ കൊടുത്തിട്ടുളളവ പാലിച്ചിട്ടില്ല എന്ന് കാണുന്നു.

1. 150 ച മീറ്ററിലധികരിക്കാത്ത വീടുകളോട് ചേർന്ന തുറന്ന കിണർ ഉള്ള കുടുംബങ്ങൾക്കാണ് ധനസഹായം നൽകേണ്ടതെങ്കിലും അത്തരത്തിൽ ഒരു പരിശോധന നടത്തിയ വിവരം ഫയലിൽ ലഭ്യമല്ല.

2. നിലവിൽ കിണർ റീ-ചാർജ്ജ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളവരോ അതിനായി ആനുകൂല്യം കൈപ്പറ്റിയവരോ അല്ലന്നുള്ള രേഖ ഫയലിൽ ലഭ്യമല്ല.

3. ഹരിത കേരളം പദ്ധതിയുടെ ഭാഗമാക്കിയിട്ടില്ല.

തുടർ വർഷങ്ങളിൽ ഇത്തരം അപാകത ഉണ്ടാകാതെ പദ്ധതി നിർവഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 തെരുവ് വിളക്കുകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് തൻവർഷം 4/17മാസം മുതൽ 6/17 വരെ ₹19183/-യും 7/17മാസം മുതൽ 3/18 വരെ ₹25614/-യും നിരക്കിൽ ₹288075/-കെ.എസ്.ഇ.ബി.-യിൽ അടയ്ക്കുന്നുണ്ട്. എന്നാൽ ഇനം, ബൾബ്, സോഡിയം വേപ്പർ ലാമ്പ് തുടങ്ങിയവയുടെ എണ്ണം, പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. 12.03.2013-ലെ 65529/ഡി.സി.3/12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 100000 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് ഇൻസെന്റീവ് | 0 | 100000 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-2018 | 300000 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് ഇൻസെന്റീവ് | 150000 | 150000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 56000 | ജവഹർ ഭവന പദ്ധതി പലിശ തിരിച്ചടവ് | 56000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 100000 | സാന്ത്വനം ചികിത്സാ പരിപാടി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 400000 | വാഴക്കാല അംഗൻവാടി നിർമ്മാണ തുക പി.ഡബ്ല്യൂ.ഡി. യിൽ ഡെപ്പോസിറ്റ് ചെയ്യൽ | 0 | 400000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. യുറ്റി ആർനം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പിഎച്ച്സി കുടിവെള്ള കണക്ഷൻ | UTR000000322765544 | 25000 | 25000 | 0 |
| കേരളാ വാട്ടർ അതോറിറ്റി | അംഗൻവാടി കൾക്ക് കുടിവെള്ള കണക്ഷൻ എടുക്കൽ (34,37,41) | UTR000000308164836 | 43000 | 43000 | 0 |
| കേരളാ വാട്ടർ അതോറിറ്റി | പൊതു ശൗചാല യത്തിന് വൈദ്യുതി, കുടിവെള്ള കണക്ഷൻ എടുക്കൽ | UTR000000278012134 | 13500 | 13500 | 0 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രി സിറ്റി ബോർഡ് | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും | UTR000000382619196 | 346200 | 346200 | 0 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രി സിറ്റി ബോർഡ് | തെരുവ് വിളക്ക കൾക്ക് സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപി ക്കലും രണ്ടാം | UTR000000382619194 | 659300 | 659300 | 0 |

| | | | | | |
|---|---|---|---|---|---|
| | ഘട്ടം | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ.(സ.) നം. 229/10/തസ്വഭവ /തീയതി:21.01.2010 | 6975000 | 117500 | 697500 | 63975 | 420000 |
| ജവഹർഭവന പദ്ധതി | സ.ഉ.(സ.)നം. 300602/ഡിബി /15/തസ്വഭവ തീയതി:11.11.2015 | 5600000 | 4480000 | 560000 | 268272 | 4480000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹120/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 1998-1999 | 21 എ | 120 | സെക്രട്ടറി, കോടിക്കുളം ഗ്രാമപഞ്ചായത്ത് | 11701100854/ 23.08.2017 |
| | ആകെ | 120 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | വർഷം | | | |
|---|---|---|---|---|---|
| 1997-1998 | 3-4 | 1999-2000 | 4-25 | ഏഴല്ലൂർ ഹരിജൻ കോളനി ശുദ്ധജലവിതരണത്തിനായി സാധനങ്ങൾ വാങ്ങിയതിൽ അപാകതകൾ | ലഭ്യമല്ല |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതി യും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | ഇല്ല | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2001-02 | 5 | ശ്രീ. കെ.രാമചന്ദ്രൻ നായർ, സെക്രട്ടറി | എൽ.എഫ്. 5718/06/ 06.10.2006 | 7112 | | | | | | | |
| 2 | 2001-02 | 6 | ശ്രീ. കെ.രാമചന്ദ്രൻ നായർ, സെക്രട്ടറി | എൽ.എഫ്. 5718/06/ 06.10.2006 | 7112 | - | - | - | - | - | - | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 33771227 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 36050465 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 7060 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 110500 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 720 | സെബാസ്റ്റ്യൻ ജോസഫ് സെക്രട്ടറി |
| 3-2 | - | 6340 | സബിത ബീഗം, അസി.എഞ്ചിനായർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 110500 | സെബാസ്റ്റ്യൻ ജോസഫ് സെക്രട്ടറി |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സബിത ബീഗം അസി.എഞ്ചിനീയർ | കോടിക്കുളം ഗ്രാമപഞ്ചായത്ത് | ദാറുസലാം, തൊട്ടുപുഴ ഈസ്റ്റ് പി.ഒ |
| സെബാസ്റ്റ്യൻ ജോസഫ്, സെക്രട്ടറി | സെക്രട്ടറി, വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് | കളപ്പുരയ്ക്കൽ, കോടിക്കുളം പി.ഒ |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1976-77 | എൽ.എഫ്.ഐ.6-583/96/<br>21-10-96 | | |
| 1981-82 | എൽ.എഫ്.ഐ.6-583/9/<br>21-10-96 | | |
| 1982-83 | എൽ.എഫ്.ഐ.6-583/96/<br>21-10-96 | | |
| 1983-84 | എൽ.എഫ്.ഐ.6-583/96/<br>21-10-96 | | |
| 1984-85 | എൽ.എഫ്.ഐ.6-583/96<br>/21-10-96 | | |
| 1987-88 | എൽ.എഫ്.ഐ.7-564/92<br>/17-07-1992 | | |
| 1988-89&<br>1989-90 | എൽ.എഫ്.ഐ.7-880/93/<br>17-06-1993 | | |
| 1990-91&<br>1991-92 | എൽ.എഫ്.ഐ.7-379/94/<br>10-11-1994 | | |
| 1992-93 | എൽ.എഫ്.ഐ.7- 288/95/<br>22-04-1996 | | |
| 1993-94 &<br>1994-95 | എൽ.എഫ്.ഐ.7- 426/97/<br>09-02-1998 | | |
| 1995-96 | എൽ.എഫ്.ഐ.10/1238<br>/17/01.11.2017 | 3 | 12, 4-4, 4-8 |
| 1996-97 | എൽ.എഫ്.ഐ.7-445/1999<br>/26.09.1999 | 22 | 1,2,3,4,5,6,7,8,<br>10,11,12,<br>13,14,15,17,<br>18,19,20,21,<br>22,23,4-8 |
| 1997-98 | എൽ.എഫ്.ഐ.7/253<br>/2001/05.07.2001 | 0 | എൽ.എഫ്.ഐ.7/253<br>/2001/05.07.01<br>പ്രകാരം റിപ്പോർട്ട്<br>ക്ലോസ് ചെയ്തു. |
| 1998-99 | കെ.എസ്.ഐ.ഡി.കെ.10/1238/17/<br>02.11.17 | 0 | കെ.എസ്.എ.ഐ.ഡി.കെ.<br>10/1238/17/02.11.17<br>പ്രകാരം റിപ്പോർട്ട്<br>ക്ലോസ് ചെയ്തു. |
| 1999-2000 | എൽ.എഫ്.ഐ.7-267/03<br>/27.03.03 | 24 | 1, 2, 3, 4, 5, 6,<br>7, 8, 9, 10, 11,<br>12, 13, 14, 15,<br>16, 17, 18, 19,<br>20, 21,<br>23, 26, 27 |

| | | | |
|---|---|---|---|
| | | | |
| 2000-01 | എൽ.എഫ്.ഐ.-7-605/02/ 13.09.05 | 21 | 2, 17, 18, 19, 22, 23, 24, 25, 26, 29, 30, 31,32, 33, 34, 35, 36,37, 38, 39, 41 |
| 2001-02 | എൽ.എഫ്.ഐ.-9-163/04/ 07.12.05 | 4 | ഭാഗം-1, 5, 6, 7, 8, 9 |
| 2002-03 | എൽ.എഫ്.ഐ.-7-289/05/ 04.05.06 | 3 | ഭാഗം- 1, 2-1, 3-2 |
| 2003-04 | എൽ.എഫ്.ഐ.-8-278/07/ 03.07.07 | 8 | ഭാഗം- 1, 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4 |
| 2004-05 | എൽ.എഫ്.ഐ.-8-564/07/ 04.09.07 | 7 | ഭാഗം-1, 2-1, 2-2, 3-2, 3-3, 3-8, 3-9 |
| 2005-06 | എൽ.എഫ്.ഐ.-9-1108/09/ 01.10.09 | | |
| 2006-07 | എൽ.എഫ്.ഐ.-9-659/08/ 24.10.08 | 3 | 2-1, 3-1, 4-6 |
| 2007-08 | എൽ.എഫ്.ഐ.-10-1118/10/ 20.07.11 | 8 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2008-09 | എൽ.എഫ്.ഐ.-10-522/12/ 20.06.12 | 6 | ഭാഗം-1, 2-1, 2-3, 2-4, 3-1, 4-6 |
| 2009-10 | എൽ.എഫ്.ഐ.-10-944/13/ 09.05.14 | 10 | 2-1, 2-2, 3-1, 3-3, 3-4, 3-5, 4-4 |
| 2010-11 | | | |
| 2011-12 | കെ.എസ്.എ.ഐ.ഡി.കെ- 10/827/15/ 06.10.15 | 8 | ഭാഗം-1, 2-1, 2-2, 3-1, 3-3, 3-4, 3-5, 4-4 |
| 2012-13&13-14 | കെ.എസ്.എ.ഐ.ഡി.കെ. 10/1376/15/ 31.12.15 | 10 | 1-5, 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 4-2 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ. 10/1418/16/ 03.02.17 | 12 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-3, 3-4, 4-7, 4-8, 4-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ. 10/1661/16/ 7.1.2017 | 17 | 1-10, 1-11, 1-12, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 4-7, 4-8, 4-9 |

| | | | |
|---|---|---|---|
| 2016-2017 | കെ.എസ്.എ.ഐ.ഡി.കെ. 10/1660/17/19.12.17 | 12 | 1-12, 2-1, 3-1, 3-3, 3-4, 3-6, 3-7, 3-8, 3-9, 4-7, 4-8, 4-9 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-ഐ.ഡി.കെ- 10/1165/2018

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി: 10.10.2018
ഫോൺ : 04862-227332

ഇ-മെയിൽ : doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി